നം. യു1/107989/08
പോലീസ് ആസ്ഥാനം,
തിരുവനന്തപുരം
തീയതി : 18.09.2009

# എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ : 10/09

വിഷയം : ട്രാഫിക് ചട്ടലംഘനങ്ങൾ കണ്ടുപിടിക്കൽ-ആളുകളോട് പെരുമാറേണ്ട രീതി-സംബന്ധിച്ച്

ട്രാഫിക് ചട്ടങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെടുമ്പോൾ പോലീസുദ്യോഗസ്ഥർ അത് കൈകാര്യം ചെയ്യുന്ന രീതി വളരെയധികം വിമർശനവിധേയമാകുന്ന കാലമാണിത്. ടി മേഖലയിൽ പ്രവൃത്തിയെടുക്കുന്ന ഉദ്യോഗസ്ഥർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. ട്രാഫിക് ചട്ടലംഘനങ്ങൾ, പ്രത്യേകിച്ചും പെറ്റികേസുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ വ്യക്തികളെ ക്ഷോഭിച്ച് ശാസിക്കുകയോ, ഭത്സിക്കുകയോ പുച്ഛരിക്കുകയോ ചെയ്യരുത്.
2. മന:പ്പൂർവ്വം അപകടങ്ങൾ ഉണ്ടാക്കണം എന്ന ദുഷ്ടലാക്കോടെ കുറ്റം ചെയ്യുന്ന പ്രവർത്തികളാവില്ല ട്രാഫിക് നിയമലംഘനങ്ങളിൽ ഭൂരിഭാഗവും, അതിനാൽ ബോധപൂർവ്വം കുറ്റം ചെയ്യുന്ന ക്രിമിനൽ കുറ്റവാളികളോട് ഇടപെടുമ്പോഴുള്ള മനോഭാവം പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്.
3. ഒരു വ്യക്തിയുടെ അശ്രദ്ധമൂലമോ, നിസ്സാരവത്കരണം കൊണ്ടോ അറിവില്ലായ്മ കൊണ്ടോ, അക്ഷമ കൊണ്ടോ സംഭവിക്കുന്നവയാണ് ട്രാഫിക് ചട്ടലംഘനങ്ങളിലധികവും. അതു കൊണ്ടു തന്നെ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് പിഴയടിപ്പിക്കുക എന്ന ശിക്ഷാനടപടി മാത്രമല്ല, മറിച്ച് ശരിയായ രീതിയിലുള്ള ട്രാഫിക് ബോധവൽക്കരണം കൂടിയാണ്.
4. ദൃഢവും മാന്യവുമായ പെരുമാറ്റത്തിലൂടെ ഇത്തരം ബോധവൽക്കരണം എളുപ്പത്തിൽ സാദ്ധ്യമാവും.
5. ട്രാഫിക് നിയമങ്ങൾ ലംഘിച്ച് ഓടുന്ന വാഹനം ശ്രദ്ധയിൽപ്പെട്ടാൽ ടി വാഹനം ഓടിച്ച വ്യക്തിയോട്, 'സർ' എന്നോ 'മാഡം' എന്നോ 'സുഹൃത്തേ' എന്നോ (വ്യക്തിയെ അറിയാമെങ്കിൽ ഡോക്ടർ, വക്കീൽ, ടീച്ചർ മുതലായ പ്രൊഫഷനെയടിസ്ഥാനമാക്കിയുള്ള അഭിസംബോധനാ രീതിയും സ്വീകരിക്കാം) അഭിസംബോധന ചെയ്തശേഷം. "താങ്കൾ ................................ (രീതിയിൽ) ആണ് വാഹനം ഓടിച്ചത്. അത് നിയമപ്രകാരം കുറ്റകരവും ശിക്ഷാർഹമാണ്. സാറിന് / മാഡത്തിന് /സുഹൃത്തിന്/ താങ്കൾക്ക് സമ്മതമാണെങ്കിൽ ഇപ്പോൾ ഫൈനടയ്ക്കാം. അല്ലെങ്കിൽ കോടതിയിൽ പോകാനും സാറിന്/ മാഡത്തിന് /സുഹൃത്തിന്/ താങ്കൾക്ക് അവകാശമുണ്ട്" എന്നും പറയേണ്ടതാണ്.

6. ട്രാഫിക് നിയമലംഘനം നടത്തുകയില്ല എന്ന് സ്വയം തീരുമാനമെടുക്കാൻ നിയമലംഘകനെ പ്രേരിപ്പിക്കുന്ന വിധത്തിൽ തികച്ചും മാന്യമായ രീതിയിൽ ടിയാൻ ചെയ്ത തെറ്റു മനസ്സിലാക്കി കൊടുത്ത് ശരി എന്തെന്ന് അയാളെ ധരിപ്പിക്കണം.

7. ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നത് പ്രധാനമായും റോഡുപയോഗിക്കുന്നവരുടെ ശാരീരിക സുരക്ഷ ലക്ഷ്യം വച്ചാണെന്ന് എല്ലാവരും എപ്പോഴും ഓർക്കണം.

8. ട്രാഫിക് പോലീസുദ്യോഗസ്ഥർ റോഡുപയോക്താക്കളുടെ സംരക്ഷ കരാണെന്നുള്ള ബോധമുളവാകത്തക്ക വിധത്തിലുള്ള മികച്ച പ്രവർത്തനം ഓരോ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഇതു അവരുടെ വാക്കുകളിലും ശരീരഭാഷയിലും നിഴലിക്കണം.

9. നിയമലംഘകരുടെ ഭാഗത്ത് നിന്നും ഏതെങ്കിലും തരത്തിലുള്ള മോശമായ സംസാരം ഉണ്ടായാൽ ട്രാഫിക് ഉദ്യോഗസ്ഥർ പരമാവധി സംയമനം പാലിക്കേണ്ടതാണ്.

10. എന്നാൽ അതേ സമയം നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥന്റെ ജോലി തടസ്സപ്പെടുത്തുവാനോ ശാരീരികമായി ആക്രമിക്കുവാനോ നിയമലംഘകർ തുനിഞ്ഞാൽ നിയമപ്രകാരമുള്ള നടപടികൾ ഓരോ പ്രത്യേക സാഹചര്യത്തിന്റെയും സ്വഭാവം അനുസരിച്ച് പോലീസുദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. യാതൊരു വിധ അക്രമവും അനുവദിച്ച് കൂടാത്തതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ട്രാഫിക് ഡ്യൂട്ടി ചെയ്യുന്ന എല്ലാ പോലീസുദ്യോഗസ്ഥൻമാരും നിർബന്ധമായും പാലിക്കേണ്ടതാണ്. അതത് ജില്ലാ പോലീസ് സൂപ്രണ്ടുമാർ/ കമ്മിഷണർമാർ എന്നിവർ അവരവരുടെ കീഴിലുള്ള ട്രാഫിക് പോലീസുദ്യോഗസ്ഥർ ഈ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(s/d)
പോലീസ് ഡയറക്ടർ ജനറൽ
കേരളാ

To

ലിസ്റ്റ് 'ബി' യിലെ എല്ലാ ഓഫീസർമാർക്കും മേൽനടപടിയ്ക്കായി